പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1101 - 13/06/2013- ൽ മറുപടിക്ക്

## സ്മാർട്ട് വില്ലേജുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. എം.എ. വാഹീദ് | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വില്ലേജുകളുടെ സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി സ്മാർട്ട് വില്ലേജുകളായി മാറ്റുന്നതിന് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഉണ്ട്.<br>സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനികരീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible)സുതാര്യമായും (Trans parent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശത്തോടു കൂടിയാണ് സ്മാർട്ട് റവന്യൂ ഓഫീസ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. 14 ജില്ലകളിലും തെരഞ്ഞെടുത്ത ഓരോ വില്ലേജ് ഓഫീസുകൾ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ 2013-14 വർഷത്തെ ബഡ്ജറ്റിൽ വില്ലേജ് ഓഫീസുകളുടെ ആധുനികവൽക്കരണത്തിന് 1,40,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ഈ പദ്ധതിയനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്തും, എവിടെനിന്നും (Any time Any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. വിവിധ റവന്യൂ ഓഫീസുകളിലെ ഉദ്യോഗസ്ഥരുടെ ജോലിഭാരം കുറച്ച്, കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നതാണ് പ്രധാന ലക്ഷ്യം. ഈ സംവിധാനം പ്രായോഗികമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായിട്ടാണ് റവന്യൂ വകുപ്പിൽ നിന്നും നൽകുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി നൽകുന്ന ഇ-ഡിസ്ട്രിക്റ്റ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. കൂടാതെ, |

ഭൂമിയുടെ ഓൺലൈൻ വഴിയുള്ള പോക്കുവരവ് സാധ്യമാക്കുന്ന റെലിസ് (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) എന്ന പദ്ധതി പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 17 വില്ലേജുകളിൽ പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. രജിസ്ട്രേഷൻ, റവന്യൂ, ഡിപ്പാർട്ടുമെന്റുകളെ ഇന്റർനെറ്റ് സംവിധാനം വഴി ബന്ധിപ്പിച്ചുകൊണ്ട് പ്രസ്തുത 17 വില്ലേജുകളിലായി ഓൺലൈൻ പോക്കുവരവ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ;**

(സി) റവന്യൂ വകുപ്പിലെ ഐ.റ്റി.സെല്ലുകൾ, ഐ.റ്റി.മിഷൻ, അക്ഷയ, എൻ.ഐ.സി, എന്നീ ഏജൻസികളാണ് പദ്ധതിയുമായി നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്.

**(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്നറിയിക്കുമോ?**

(ഡി) സംസ്ഥാനത്ത് എല്ലാ വില്ലേജ് ഓഫീസുകളിലും കമ്പ്യൂട്ടറുകൾ, ഇന്റർനെറ്റ് കണക്ഷൻ എന്നിവ ഐ.റ്റി.മിഷന്റെ സഹായത്തോടെ നൽകുകയും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവർക്കും പ്രത്യേക പരിശീലനവും നൽകിയിട്ടുള്ളതുമാണ്. കൂടാതെ ആദ്യഘട്ടമായി താഴെക്കാണുന്ന 14 വില്ലേജ് ഓഫീസുകളെ SMART വില്ലേജ് ഓഫീസുകളാക്കി മാറ്റുന്നതിന് ഭരണാനുമതിയും നൽകിയിട്ടുണ്ട്.
1. തൈക്കാട് (തിരുവനന്തപുരം), 2.നീണ്ടകര (കൊല്ലം) 3. മലയാലപ്പുഴ (പത്തനംതിട്ട) 4. ഹരിപ്പാട് (ആലപ്പുഴ) 5. കോട്ടയം (കോട്ടയം) 6. ഇടുക്കി (ഇടുക്കി) 7. ആലുവ വെസ്റ്റ് (എറണാകുളം) 8. ആറനാട്ടുകര (തൃശ്ശൂർ) 9. വടക്കരപ്പള്ളി (പാലക്കാട്) 10. നിലമ്പൂർ (മലപ്പുറം) 11.നൂൽപ്പുഴ (വയനാട്) 12. നഗരം (കോഴിക്കോട്) 13. കൂത്തുപറമ്പ് (കണ്ണൂർ) 14.കാസറഗോഡ് (കാസറഗോഡ്). ഈ വർഷത്തെ ബഡ്ജറ്റിൽ ഈ പദ്ധതിക്കായി 1,40,00,000 രൂപ വകയിരുത്തിയിട്ടുണ്ട്.

[signature]

**സെക്ഷൻ ഓഫീസർ**